ടി ബില്ലിൽ എതിർപ്പുണ്ടെങ്കിൽ ഉപഭോക്താവ് ആയത് അസ്സസ്സിംഗ് ഓഫീസറെ അറിയിക്കുകയും ഉപഭോക്താവ് നൽകുന്ന തെളിവുകളുടേയും രേഖകളുടേയും അടിസ്ഥാനത്തിൽ പിഴ ഇകയിൽ അസ്സസ്സിംഗ് ഓഫീസർ കുറവ് വരുത്തുകയും ചെയ്യുന്നു. അങ്ങനെ നൽകുന്ന അന്തിമ ബില്ലിൽ വീണ്ടും പരാതി ഉണ്ടെങ്കിൽ ഉപഭോക്താവിന് അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഉപഭോക്താവിന്റെ പരാതിയിൽ കഴമ്പുണ്ടെങ്കിൽ തന്റെ മുന്നിൽ ലഭിക്കുന്ന തെളിവിന്റേയും രേഖകളുടേയും അടിസ്ഥാനത്തിൽ പിഴയുകയിൽ വീണ്ടും കുറവ് വരുത്തുന്നതിന് അപ്പീൽ അധികാരിക്ക് അധികാരമുണ്ടായിരിക്കും.

വൈദ്യുതി വിതരണ മേഖല ശക്തിപ്പെടുത്തുന്ന പദ്ധതികൾ

24 (4015) ശ്രീ. കെ. അച്ചുതൻ :

ശ്രീ. സണ്ണി ജോസഫ് :

ശ്രീ. ലൂഡി ലൂയിസ് :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി വിതരണ മേഖല ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കായി ഏതെല്ലാം തരം സബ്സ്റ്റേഷനുകളുടെയും അനുബന്ധ ലൈനുകളുടെയും നിർമ്മാണമാണ് പൂർത്തിയാക്കിയിട്ടുള്ളത്; വിശദമാക്കുമോ?

ഉത്തരം

(എ) വൈദ്യുതി വിതരണ മേഖല ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് പുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ വികസന പരിഷ്കരണ പദ്ധതി (RAPDRP) പദ്ധതി പ്രദേശത്തെ വൈദ്യുതി വിതരണം പൂർണ്ണമായും ആധുനികവത്കരിച്ച് പ്രസരണ വിതരണ വാണിജ്യ നഷ്ടം 15% ത്തിൽതാഴെയാക്കി കുറയ്ക്കുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി എല്ലാ ഉപഭോക്താക്കൾക്കും ലഭ്യമാക്കാനുമാണ് ഈ പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. 1078 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതിയ്ക്കാണ് കേന്ദ്രഗവൺമെന്റ് അനുമതി നൽകിയത്. ഈ പ്രവൃത്തികൾ കേരളത്തിലെ 43 പട്ടണങ്ങളിൽ പുരോഗമിച്ചു വരുന്നു. ഇതിനു പുറമേ കേരള സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ്

LIBRARY ARCHIVES Kerala Legislative Assembly

കേരള പവർ ഇംപ്രൂവ്മെന്റ് സ്കീം (KPIS). ഇതിൽ 4 മുനിസിപ്പാലിറ്റികളും 12 പട്ടണങ്ങളുമാണ് ഉൾപ്പെട്ടിരിക്കുന്നത്. 45.79 കോടി രൂപ അടങ്കൽ തുകയുള്ള ഈ പദ്ധതി, വിതരണ മേഖല ശക്തിപ്പെടുത്തി പ്രസരണ വിതരണ വാണിജ്യ നഷ്ടം 15% ത്തിൽ താഴെയാക്കി കുറച്ച് ഗുണമേന്മയുള്ള വൈദ്യുതി എല്ലാ ഉപഭോക്താക്കൾക്കും ലഭ്യമാക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നു.

(ബി) ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ 298 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. പൂർത്തിയാക്കിയ പ്രധാന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു :

1. 1245 KM-11 KV ലൈൻ നിർമ്മിച്ചു.
2. 187 KM-11 KV ഭൂഗർഭ കേബിൾ സ്ഥാപിച്ചു.
3. 424 KM- പഴകിയ 11 KV ലൈൻ മാറ്റി പുതിയവ നിർമ്മിച്ചു.
4. 1876 എണ്ണം പുതിയ ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ സ്ഥാപിച്ചു.
5. 173 KM- പുതിയ LT ലൈൻ നിർമ്മിച്ചു.
6. 2785 KM- പഴകിയ LT ലൈൻ മാറ്റി പുതിയവ നിർമ്മിച്ചു.
7. 1762 KM-LT സിംഗിൾഫേസ് ലൈൻ ത്രീ ഫേസ് ലൈൻ ആക്കി മാറ്റി.
8. 6,75,574 എണ്ണം കേടായ/പഴയ സിംഗിൾഫേസ്/ത്രീ ഫേസ് മീറ്ററുകൾ മാറ്റി പുതിയ ഇലക്ട്രോണിക് മീറ്റർ സ്ഥാപിച്ചു.

(സി) വിതരണമേഖല ശക്തിപ്പെടുത്തുന്നതിനുള്ള കർമ്മ പദ്ധതികളുടെ ഭാഗമായി പ്രസരണ വിഭാഗത്തിൽ വിശദമായ സാങ്കേതിക പഠനത്തിന്റെ (load flow study) അടിസ്ഥാനത്തിൽ ലോഡ് സെന്ററുകളോട് ചേർന്ന് ആവശ്യമാണെന്ന് കാണുന്ന സ്ഥലങ്ങളിൽ പുതിയ സബ്സ്റ്റേഷനുകൾ നിർമ്മിച്ചു വരുന്നു. ഓരോ സ്ഥലത്തെയും വൈദ്യുതി ആവശ്യകതയും അവിടേയ്ക്ക് വൈദ്യുതി എത്തിക്കുന്നതിനുള്ള ലൈനുകളുടെ സാധ്യതയും കണക്കിലെടുത്ത് 220 കെ.വി, 110 കെ.വി, 66 കെ.വി, 33 കെ.വി, എന്നിങ്ങനെ വിവിധ വോൾട്ടേജ് നിലവാരത്തിലുള്ള സബ് സ്റ്റേഷനുകളാണ് നിർമ്മിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെയായി വിവിധ വോൾട്ടേജ് നിലവാരത്തിലുള്ള 33 സബ് സ്റ്റേഷനുകളും അനുബന്ധ ലൈനുകളും നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്തു. ഇതിന്റെ വോൾട്ടേജ് തിരിച്ചുള്ള വിശദാംശങ്ങൾ താഴെകൊടുക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

220 കെ.വി.	2
110 കെ.വി.	9
66 കെ.വി.	2
33 കെ.വി.	20
ആകെ	33

വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ

25 (4016) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15-ൽ കേരളത്തിന് ആവശ്യമുള്ള വൈദ്യുതി ഏതൊക്കെ സ്രോതസ്സുകളിൽ നിന്നും ലഭ്യമാക്കുമെന്നാണ് കണക്കാക്കിയിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) അന്തർ സംസ്ഥാന പ്രസരണ കോറിഡോറുകളിലെ തടസ്സംമൂലം വൈദ്യുതി ലഭ്യതയിൽ എന്തെങ്കിലും പ്രയാസം അനുഭവപ്പെടുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ; വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നടപടിമൂലം ഉണ്ടാകാനിടയുള്ള അധിക സാമ്പത്തിക ബാധ്യത തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഈ സാമ്പത്തിക ബാധ്യത എങ്ങനെ മറികടക്കാനാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) കേരളത്തിനാവശ്യമായ വൈദ്യുതി പുറത്ത് നിന്നും കൊണ്ടു വരുന്നതിനാവശ്യമായ പ്രസരണ സംവിധാനത്തിൽ എന്തെങ്കിലും അപര്യാപ്തത അനുഭവപ്പെടുന്നുണ്ടോ; എങ്കിൽ വിശദാശങ്ങൾ ലഭ്യമാക്കുമോ ;

(എഫ്) കേരളത്തിലൂടെ കടന്നു പോകുന്ന അന്തർ സംസ്ഥാന പ്രസരണ ലൈനുകളിൽ നിർമ്മാണത്തിലിരിക്കുന്നവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ജി) പ്രസ്തുത ലൈനുകൾ പൂർത്തീകരിക്കുന്നതോടെ വൈദ്യുതി ഇറക്കുമതി ശേഷിയിൽ എന്ത് വർദ്ധനവാണ് കണക്കാക്കിയിട്ടുള്ളത് വിശദമാക്കുമോ ; പ്രസ്തുത ലൈനുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് പവർഗ്രിഡ് കോർപ്പറേഷൻ സംസ്ഥാനത്തിനെതിരായി കേസ്സു നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly